## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.382 15.07.2015-ൽ മറുപടിക്ക്**

**മഴവെള്ള സംഭരണി നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, അൻവർ സാദത്ത് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ. | പഞ്ചായത്തുകൾക്ക് മഴവെള്ള സംഭരണി നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ. | ഉണ്ട്. |
| ബി | ജലസേചന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് ഇത് വഴി നൽകി വരുന്നത്; | ബി. | ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകൾ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക മുൻഗണനാക്രമത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നു. പ്രസ്തുത പട്ടിക പ്രകാരം കെ.ആർ.ഡബ്ല്യൂ.എസ്.എ. യുടെ ഭാഗമായ മഴകേന്ദ്രം മുഖേന പതിനായിരം ലിറ്റർ മഴവെള്ളം ശേഖരിക്കാവുന്ന ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നു. പദ്ധതി നിർവ്വഹണത്തിനുള്ള ചെലവ് പൂർണ്ണമായും കെ.ആർ.ഡബ്ല്യൂ.എസ്.എ നേരിട്ട് വഹിക്കുന്നു. ഒരു സംഭരണിയുടെ |

ഇപ്പോഴത്തെ നിർമ്മാണ ചെലവ് 39,500രൂപ (നികുതികൾ പുറമെ) യാണ്. പ്രസ്തുത തുകയുടെ 5% തുക മാത്രം ബി.പി.എൽ. വിഭാഗം കുടുംബങ്ങളും 10% തുക മാത്രം എ.പി.എൽ. വിഭാഗം കുടുംബങ്ങളും ഗുണഭോക്തൃ വിഹിതമായി നൽകിയാൽ മതി. ഗ്രാമപഞ്ചായത്തിന്റെ കൂടെ സഹകരണത്തോടെ തെരഞ്ഞെടുത്ത് നിയമിക്കുന്ന പരിചയ സമ്പന്നരായ സന്നദ്ധ സംഘടനയുടെ സഹായത്തോടെയാണ് പദ്ധതി അതാത് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് യാതൊരു വിധത്തിലുള്ള സാമ്പത്തിക ബാധ്യതകളും ഉണ്ടാകുന്നില്ല.

സി എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്നും പഞ്ചായത്തുകൾക്കുള്ള ധനസഹായത്തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

സി കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ ഭാഗമായ മഴകേന്ദ്രം മഴവെള്ള സംഭരണം ഭൂജല പരിപോഷണം പരിപാടികൾക്ക് സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ അനുവദിക്കുന്ന സാമ്പത്തിക സഹായമാണ് ഉപയോഗിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മഴകേന്ദ്രത്തിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളെ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി സഹായത്തിനായി പരിഗണിക്കുന്നത്.

- കുടിവെള്ള ക്ഷാമത്തിന്റെ തീവ്രത നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ

- ഗ്രാമപഞ്ചായത്തുകളുടെ കുടിവെള്ള വിതരണത്തിന്റെയും ലഭ്യതയുടെയും ഇപ്പോഴത്തെ കവറേജിന്റെ നിജസ്ഥിതി അമ്പത് ശതമാനത്തിൽ കുറവ് കവറേജുള്ള ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകുന്നു.
- ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ എണ്ണവും കാര്യക്ഷമതയും കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പരിഗണന നൽകുന്നു.
- മലയോര/തീരദേശ പഞ്ചായത്തു കളിൽ കുടിവെള്ള ക്ഷാമരൂക്ഷത കൂടുതൽ അനുഭവപ്പെടുന്നു. ആയതിനാൽ അത്തരം ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പരിഗണന നൽകുന്നു.

(signature)

സെക്ഷൻ ഓഫീസർ